പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4128** **12.11.2019 ൽ മറുപടിക്ക്.**

## നികുതി കുടിശ്ശിക

| ചോദ്യം<br>ശ്രീ.അബ്ദുൾ ഹമീദ്.പി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നികുതി വകുപ്പിന് കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള നികുതിയുടെ കണക്ക് വ്യക്തമാക്കാമോ; | (എ) | 31.03.2019 ലെ കണക്കനുസരിച്ച് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 13305.87 കോടി രൂപ കുടിശ്ശികയിനത്തിൽ ലഭിക്കാനുണ്ട്. ഇതിൽ പിരിച്ചെടുക്കാവുന്ന തുക 3807.60 കോടി രൂപയാണ്. ബാക്കി തുക വിവിധ തരം സ്റ്റേയിലും മറ്റ് നടപടികളിലും ഉൾപ്പെട്ടതാണ്. |
| (ബി) | ഇത്രയധികം തുക പിടിച്ചെടുക്കാതെ കുടിശ്ശിക ആയി കിടക്കുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | വിവിധ അപ്പീൽ അധികാരികളുടെയും കോടതികളുടെയും സ്റ്റേകൾ മൂലം നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ സാധിക്കാതെ വരുന്നുണ്ട്. കൂടാതെ റവന്യൂ റിക്കവറി സാധ്യമല്ലാത്തതിനാൽ റവന്യൂ അധികാരികൾ റിക്വിസിഷൻ തിരിച്ചയച്ച കേസുകളും ഉൾപ്പെടുന്നു. |
| (സി) | കുടിശ്ശിക പിരിച്ചെടുക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>2. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി ബഹു. ധനകാര്യ മന്ത്രിയുടെയും ബഹു. റവന്യൂ മന്ത്രിയുടെയും നേതൃത്വത്തിൽ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകി. കൂടാതെ നികുതി സെക്രട്ടറിയും നികുതി കമ്മീഷണറും കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് റവന്യൂ റിക്കവറി അവലോകനം നടത്തി.<br>3. നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.<br>4. ആംനസ്റ്റി സ്വീകരിച്ചവർക്ക് കുടിശ്ശികകൾ തവണ വ്യവസ്ഥയിൽ 2020 മാർച്ച് 31 വരെ അടയ്ക്കുവാൻ സാവകാശം ഉണ്ട്. |

സെക്ഷൻ ഓഫീസർ